# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

**നമ്പർ: 61/2023**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ......................................................................................................

.......................................................................................................................... പള്ളി വികാരിയും, സഹ പട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ഭരണസമിതിയംഗങ്ങളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട നമ്മുടെ സഭ ദൈവത്തിന്റെ അളവറ്റ കരുണയാൽ നിരവധി പ്രതിസന്ധികൾക്കിടയിലും അഭിവൃദ്ധിപ്പെട്ടു വരുന്നതിൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. മലങ്കര സഭയുടെ അപ്പോസ്തോലിക പൈതൃകത്തിന്റെയും സ്വത്വബോധത്തിന്റെയും തദ്ദേശീയതയുടെയും പ്രതീകമാണല്ലോ പൗരസ്ത്യ കാതോലിക്കേറ്റ്. **സഭാദിനം** അഥവാ **കാതോലിക്കാദിനം** കാതോലിക്കേറ്റിന്റെ പ്രസക്തിയും മൂല്യവും സ്മരിക്കുന്നതിനും സഭയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുന്നതിനുമായി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. 2023-ലെ കാതോലിക്കാ ദിനം വലിയ നോമ്പിലെ 36-ാം ഞായറാഴ്ചയായ മാർച്ച് മാസം 26-ാം തീയതിയാണ്. പരിശുദ്ധാത്മ നിറവിലേക്ക് വളരുവാനും, കുടുംബ നവീകരണത്തിനും, സഭാജീവിത വിശുദ്ധീകരണത്തിനും വ്യക്തിപരമായ രൂപാന്തരീകരണത്തിനുമുള്ള അവസരമായി കാതോലിക്കാദിനാചരണം മാറണം എന്നതാണ് നമ്മുടെ ആഗ്രഹം. അന്നേദിവസം വി. കുർബ്ബാനമദ്ധ്യേ പരിശുദ്ധ സഭയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കണം. കാതോലിക്കേറ്റ് പതാക ഉയർത്തുകയും ഏവരും സഭാദിന പ്രതിജ്ഞ എടുക്കുകയും ചെയ്യണം. കാതോലിക്കേറ്റിന്റെ പ്രസക്തിയും പരിശുദ്ധ സഭയുടെ വിശ്വാസവും പാരമ്പര്യവും സംബന്ധിച്ചുള്ള പ്രത്യേകമായ പ്രബോധനങ്ങളും ക്രമീകരിക്കണം. അന്നേദിവസം വി. കുർബ്ബാന ഇല്ലാത്ത ദേവാലയങ്ങളിൽ അടുത്ത ഞായറാഴ്ച കാതോലിക്കാ ദിന ആഘോഷങ്ങൾ നടത്തേണ്ടതും പ്രത്യേക കാണിക്ക എടുക്കേണ്ടതുമാണ്.

കാതോലിക്കാദിന ധനസമാഹരണത്തിലൂടെ ലഭിക്കുന്ന തുകയാണല്ലോ പ. സഭയുടെ പ്രധാന വരുമാനമാർഗ്ഗം. പരിശുദ്ധ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ആത്മീയ സംഘടനകളുടെ പോഷണത്തിനും നാം പ്രധാനമായും ആശ്രയിക്കുന്നത് കാതോലിക്കാദിന കവർ കളക്ഷനെയാണ്. കഴിഞ്ഞ വർഷം കോവിഡ് പ്രതിസന്ധി മൂലം കാതോലിക്കാദിന ധനസമാഹരണത്തിലൂടെ ലഭിച്ച തുക ഉദ്ദേശിച്ചതിലും കുറവായതിനാൽ സഭയുടെ ബഹുവിധ പദ്ധതികൾക്കുള്ള ധനസഹായം പൂർണ്ണമായി നൽകുന്നതിന് സാധ്യമാകാതെ വന്നിരിക്കയാണ്.

പ്രിയരെ,

പരിശുദ്ധ സഭയുടെ ബജറ്റിൽ ഉൾക്കൊള്ളിച്ച പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിന് ഇരുപത്തിരണ്ട് കോടി രൂപയെങ്കിലും 2023-24 വർഷം കാതോലിക്കാദിന പിരിവിലൂടെ സമാഹരിക്കണമെന്നാണ് പരിശുദ്ധ സഭ നിശ്ചയിച്ചിരിക്കുന്നത്. സഭയിലെ ഇടവകകളിൽ നിന്ന് 15 കോടി രൂപയും, വ്യക്തികളിൽ നിന്ന് 5 കോടി രൂപയും, സഭാ സ്ഥാപനങ്ങളിൽ നിന്ന് 2 കോടി രൂപയും ഉൾപ്പെടെ 22 കോടി രൂപയാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഈ ലക്ഷ്യപ്രാപ്തിയിലെത്തുവാൻ 50% വർദ്ധനവാണ് നടപ്പിൽ വരുത്തിയി

(മറുപുറം)

രിക്കുന്നത്. 2022 –ൽ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനുവേണ്ടി ഇടവകകളിൽ നിന്ന് സഭാ കേന്ദ്രത്തിൽ നൽകിയിരിക്കുന്ന ലിസ്റ്റിനെ അടിസ്ഥാനമാക്കിയാണ് ഇടവകകൾക്ക് ടാർജറ്റ് നിശ്ച യിച്ചിരിക്കുന്നത്. ഒരു കുടുംബത്തിന്റെ ഒരു ദിവസത്തെ ശരാശരി വരുമാനമെങ്കിലും പരിശുദ്ധ സഭ യുടെ പുരോഗതിക്കായി നൽകണം. ഒരു കുടുംബത്തിലെ സ്ഥിരവരുമാനമുള്ള എല്ലാവരുടെയുംകൂടി ഒരു ദിവസത്തെ വരുമാനമാണ് ശരാശരി വരുമാനമായി കണക്കാക്കേണ്ടത്. സഭയോടുള്ള സ്നേഹ ത്തെയും കരുതലിനെയും പ്രതി സഭയുടെ പുരോഗതിക്കുവേണ്ടി ദൈവസന്നിധിയിൽ സമർപ്പിക്കുന്ന കാഴ്ചയായി കരുതി ഏവരും ഇക്കാര്യത്തിൽ പങ്കുചേരണമെന്ന് നാം സ്നേഹപൂർവ്വം ആവശ്യപ്പെടു ന്നു. 'ദശാംശം ദൈവത്തിനുള്ളതാണ്'എന്ന വേദസത്യം നാം പ്രത്യേകം ഓർക്കണം. സഭാ മക്കൾ എല്ലാവരും സഭാദിനാചരണത്തിലും കവർ പിരിവിലും ആത്മാർത്ഥമായി സഹകരിക്കണം.


കവർ കളക്ഷൻ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുവാൻ കാതോലിക്കാദിന കവറും ഫോൾഡറും എല്ലാ ഭവനങ്ങളിലും യഥാസമയം എത്തിക്കണം. പ. സഭയുടെ അഭ്യുദയകാംക്ഷികൾ, വ്യാപാരി–വ്യവസായികൾ, ഉദ്യോഗസ്ഥർ മുതലായവരിൽനിന്നും സഭയ്ക്കുവേണ്ടി സംഭാവനകൾ സ്വീകരിക്കണം. ഇടവക വികാരി മാർ ഇക്കാര്യത്തിൽ പ്രത്യേകം താല്പര്യം എടുത്ത് കഴിവുള്ളിടത്തോളം ഭവനങ്ങൾ സന്ദർശിച്ച് ടാർജ റ്റിൽ കവിഞ്ഞ തുക സ്വരൂപിക്കണം. ഈ തുകയോടൊപ്പം സഭാദിന കാണിക്കയും, റിശ്ശീസായും ചേർത്ത് സഭാകേന്ദ്രത്തിൽ നിശ്ചിതസമയത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. കഴിഞ്ഞ വർഷം ലക്ഷ്യമിട്ടിരുന്ന പത്തുകോടി രൂപയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു എന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. കേരള ത്തിലെ ഇടവകകൾക്ക് ഭവനമൊന്നിന് കുറഞ്ഞത് 300 രൂപാ പ്രകാരവും, അവയിൽ പ്രത്യേക സ്ഥാനനാ മങ്ങൾ നൽകപ്പെട്ടിട്ടുള്ള ഇടവകകളിലെ (ഉദാഹരണമായി കത്തീഡ്രൽ, മഹാഇടവക, വലിയപള്ളി, കാതോലിക്കേറ്റ് സിംഹാസനപ്പള്ളി, തീർത്ഥാടനകേന്ദ്രം മുതലായവ) ഭവനമൊന്നിന് കുറഞ്ഞത് 350 രൂപ പ്രകാരവും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, തൃശൂർ, കോട്ടയം എന്നീ പ്രധാന പട്ട ണങ്ങളിലുള്ള പള്ളികളിൽ പ്രത്യേക പദവി ലഭിച്ചിട്ടുള്ള പള്ളികൾ ഉൾപ്പെടെ, ഭവനമൊന്നിന് കുറ ഞ്ഞത് 400 രൂപാ പ്രകാരവും എന്ന് ഈ വർഷത്തെ സംഭാവന തുക നിജപ്പെടുത്തിയിട്ടുണ്ട്. അതനുസ രിച്ച് ആ ഇടവകയിലെ ഭവനമൊന്നിന് കുറഞ്ഞത് ................ രൂപാ എന്ന നിരക്കിൽ സംഭാവന തുക നിശ്ചയിച്ചിരിക്കുന്നു. ആ പള്ളിയുടെ ടാർജറ്റ് ..................................രൂപയായിരിക്കും. കവറും ഫോൾഡറും എല്ലാ മെത്രാസന കേന്ദ്രങ്ങളിലും സഭാ കേന്ദ്രത്തിൽ നിന്ന് എത്തിക്കുന്നതാണ്. പള്ളിയുടെ ചുമതല ക്കാർ കവർ വിതരണത്തിനായി ക്രമീകരിച്ചിരിക്കുന്ന യോഗത്തിൽ എത്തിചേർന്ന് അവിടെ നിന്നും അവ ശേഖരിച്ച് കാതോലിക്കാദിനമായ മാർച്ച് 26–ന് മുമ്പ് എല്ലാ ഭവനങ്ങളിലും എത്തിക്കണമെന്ന് താല്പര്യ പ്പെടുന്നു. നമ്മുടെ ഫിനാൻസ് കമ്മറ്റി പ്രസിഡന്റ് അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി ശ്രീ. റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ കഴിവുള്ളട ത്തോളം യോഗങ്ങളിൽ പങ്കെടുക്കുന്നതാണ്.

ഇപ്രകാരം ................... മെത്രാസനത്തിലെ യോഗം 2023 മാർച്ച് മാസം .......–ാം തീയതി ....... പകൽ ....... മണിക്ക് ..................................................................വച്ച് നടത്തപ്പെടുന്നതാണ്.

വാത്സല്യമുള്ളവരെ, ബലഹീനനായ നമ്മെയും, സഹോദര മെത്രാപ്പോലീത്താമാരെയും, വൈദികഗണ ത്തെയും, സന്യാസ സമൂഹങ്ങളെയും, ആത്മീയ സംഘടനാ പ്രവർത്തകരെയും ലോകമെങ്ങുമുള്ള വിശ്വാ സികളെയും ഓർത്ത് നിങ്ങളേവരും പ്രാർത്ഥിക്കണം. സഭയിൽ ശാശ്വത സമാധാനം സ്ഥാപിക്കപ്പെടുന്ന തിനും ഭിന്നതകളും കലഹങ്ങളും പൂർണ്ണമായും ഇല്ലാതാകുന്നതിനും ഓരോ വിശ്വാസിയുടെയും പ്രാർത്ഥന വിലയേറിയതാണ് എന്ന് നാം കരുതുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ വി. മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാ രായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസി ന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



2023 ഫെബ്രുവരി മാസം 28–ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**In the blessed name of the Tri-une God, Self-existent, Beginningless and Endless, Perfect in Being, (Glory be to Him) Moran Mar Baselios Marthoma Mathews III Catholicos of the East and Malankara Metropolitan enthroned on the Apostolic Throne of St. Thomas**

**No. 61/2023**

Blessings to our beloved Vicar of.......................................................................................
church, priests of the locality, Kaisthanees and all members of the parish!

Our dearly beloved in the Lord,

Let us praise the Almighty for the manifold blessings and inestimable grace for enabling our Church, founded by St. Thomas, the Apostle, to thrive in the midst of umpteen challenges and crises. The Catholicate of the East is the symbol of the apostolic heritage, identity and indigenous character of the Malankara Church. Catholicate Day or Sabha Dinam is set apart to recollect the significance and value of the Catholicate and to pray for the Church. This year the Catholicate Day falls on Sunday, 26th March, the 36th day of the Great Lent. It is our ardent wish that the Catholicate Day observance be a blessed occasion to grow in the fullness of the Holy Spirit, for the renewal of families, sanctification of our spiritual life and above all for the transformation in our personal life. Special prayers for the Church shall be offered on the day during Holy Qurbana. Catholicate flag shall be hoisted and all shall take the Catholicate Day pledge. Speeches shall be arranged to highlight the significance of the Catholicate and to explain the faith, history and traditions of the Church. In those parishes where there is no Holy Qurbana on the day, the Catholicate Day shall be observed on the next Sunday and special offerings may be collected.

The main source of income of the Church is the amount we get through the Catholicate Day Collection. We heavily depend on the cover collection for funding the charity projects of the Church and for nurturing our spiritual organisations. Since the collection received during the last few years fell short of the target, due to the covid pandemic, it became difficult to give ample funds to various projects of the Church. We praise God to see that Rs. 10 crores, the target amount for last year is being almost reached.

Dearly beloved, The church has decided that we need to collect at least Rupees 22 crores as Catholicate Day Collection during the financial year 2023 – 24 in order to implement all the projects envisaged and included in the budget of the Holy Church. This 22 crores comprise of 15 crores from the parishes of the Church, 5 crores from individuals and 2crores from various institutions of the Church. To achieve this goal 50% increase is envisaged. The target for the parishes is fixed as per the list submitted by the parishes at the central office of the Church for the Malankara Syrian Christian Association 2022. At least one day's average income of the family shall be given for the development of the Church. The average income shall be calculated as the total daily income of all members in a family who have a fixed income. We lovingly exhort you all to participate in this collection considering it as a humble offering in front of God for the progress of the Church, inspired by the love

and allegiance to the Church. We remind you of the scriptural truth 'the tithe belongs to God'. All our beloved shall participate in the Catholicate Day observance and the Cover Collection.

To make the Cover Collection a success, the folders and covers should be delivered to all the families at the right time. Contributions shall be accepted from bureaucrats, traders industrialists and well wishers of the Church. Due interest should be taken by the parish Vicars. An amount exceeding the target should be collected by visiting maximum families. The amount so collected shall be remitted to the Catholicate Office along with the offertory of the Catholicate Day and Ressessa within the stipulated time. The amount of donation for a family in Kerala is stipulated as Rs. 300 and Rs. 350 for families in parishes which are given special status or titles (like Cathedral, Pilgrim Centre, Maha Edavaka, Valiyapllay, Catholicate Simhasana Pally) and Rs. 400 for families belonging to parishes in main cities like Thiruvananthapuram, Ernakulam, Kozhikode, Trissur and Kottayam. Accordingly, the minimum amount of donation for a family in that parish is Rs. ................ The target for the parish is Rs.................... The covers and folders shall be distributed in all Diocesan centres from the Central office. The office bearers of the parishes shall attend the meeting at the respective Diocesan Centres for the distribution of the covers and collect and distribute these covers in all the houses of the parish before the Catholicate day on 26th March, 2023. H. G. Yuhanon Mar Policarpos, the President, Finance Committee, Rev. Fr. Dr. Thomas Varghese Amayil, the Priest Trustee, Sri. Ronny Varghese Abraham, the Lay Trustee and Adv. Biju Oommen, the Association Secretary shall attend maximum meetings. Accordingly the meeting of ........................ Diocese will be held on ............................... at ....................................................................................................

Dearly beloved, we lovingly ask you to pray for us, our brother Metropolitans, all our Priests, monastic communities, members and workers of our spiritual organisations and all our beloved faithful across the world. We strongly believe that the prayers of our beloved faithful are very valuable to restore peace and tranquillity in the Church and remove all dissentions and discords in the Church.

May the Grace and Blessings of the God Almighty abide with you forever. And may the prayers of the Mother of our God, the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and all the Holy Saints be a stronghold for us. Amen.

Our Father who art in Heaven........................

**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India
On February 28, 2023